സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം

65 (3466) ശ്രീ. ജി. കാർത്തികേയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് കോടതി നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇന്നത്തെ ജീവിതനിലവാരം അനുസരിച്ച് മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമപ്രദേശങ്ങളിലേക്കും നഗരപ്രദേശങ്ങളിലേക്കും ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയിലെ ജീവനക്കാർക്ക് സ്ഥാപനത്തിന്റെ വലിപ്പ ചെറുപ്പം പരിഗണിക്കാതെയും, കമ്മിറ്റിയുടെ ഉപദേശപ്രകാരമല്ലാതെയും വേതനം പുതുക്കി നിശ്ചയിച്ചതിനെ സംബന്ധിച്ച് ഈ മേഖലയിലെ ഒരു വിഭാഗം തൊഴിലുടമകളുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് മിനിമം വേജസ് നിയമത്തിലെ സെക്ഷൻ 4 പ്രകാരം സ്വകാര്യ ആശുപത്രിമേഖലയിലെ ജീവനക്കാരുടെ മിനിമം വേജസ് നിശ്ചയിക്കാൻ 18.9.96-ൽ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് അന്ന് പ്രാബല്യത്തിലുണ്ടായിരുന്ന ശമ്പളത്തോടൊപ്പം 100/- രൂപകൂടെ നൽകുവാനും പ്രസ്തുത ഉത്തരവിൽ കോടതി നിർദ്ദേശിക്കുകയുണ്ടായി.

സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ഒ.പി.കളുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറൽ പ്രസ്തുത കേസ്സിന്റെ പ്രധാന പേരുകൾ അന്ന് നിലവിലുണ്ടായിരുന്ന മിനിമം വേതന കമ്മിറ്റിയുടെ പരിഗണനയ്ക്കുവിടുന്നതിൽ സർക്കാരിന് യാതൊരു എതിർപ്പുമില്ലെന്ന് ബോധിപ്പിക്കുകയുണ്ടായി. പ്രസ്തുത കേസ്സിലെ ഉത്തരവ് 18.6.96 ലാണ് ഹൈക്കോടതി പുറപ്പെടുവിച്ചത്. എന്നാൽ ഇതു സംബന്ധിച്ച മിനിമം വേതനകമ്മിറ്റിയും 31.12.95 ൽ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു.

(ബി) ഏറ്റവും അടുത്ത കാലത്തുള്ള ജീവിത സൂചിക കണക്കിലെടുത്ത് പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കടകളും വാണിജ്യ സ്ഥാപനങ്ങളും എന്നിവയിലെ തൊഴിലാളികൾക്കായുള്ള ക്ഷേമനിധിബിൽ നിയമവകുപ്പ് പരിശോധിച്ചുവരുന്നു. ഈ ബിൽ നിയമമാകുമ്പോൾ ആശുപത്രി ജീവനക്കാരും ഈ ക്ഷേമനിധിയുടെ പരിധിയിൽ വരുന്നതാണ്. ഇവർ ഇപ്പോൾത്തന്നെ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുന്നവരാണ്.

കയർ തൊഴിലാളി ക്ഷേമനിധി

66 (3467) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly